
SHOT ON OPPO

# കലിക

**കലിക.........**

**“അക്ഷരം“ ഒരിക്കലും നാശമില്ലാത്തതാണ്. അവ അജ്ഞതയുടെ ഇരുട്ട് അകറ്റി ജ്ഞാനത്തിന്റെ പൊൻപുലരി വിരിയിക്കുന്നു ."കലിക“ എന്നാൽ പ്രഭാതമെന്നർത്ഥം.അതിനാൽ വിദ്യാർത്ഥികളായ നമ്മളിൽ അറിവിന്റെ പൊൻപുലരിയിലേക്ക് ഈ "കലിക“ സമർപ്പിക്കുന്നു.**



ഇരിങ്ങണ്ണൂർ ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നതിൽ അഭിമാനമുണ്ട്. വിദ്യാർഥികളുടെ സർഗശേഷികളെ കണ്ടെത്തുവാനും പ്രോൽസാഹിപ്പിക്കാനും ഇതിലൂടെ നമുക്ക് കഴിയും. ഇനിയും ഇതുപ്പോലെയുള്ള മാഗസിനുകൾ പ്രസിദ്ധീകരിക്കുവാൻ കഴിയണം.എല്ലാവിധ ആശംസകളും

സ്നേഹത്തോടെ,

രാജ കുമാർ.പി

പ്രൻസിപ്പാൾ

ഇരിങ്ങണ്ണൂർ ഹയർസെക്കൻഡറി സ്കൂൾ

ഇരിങ്ങണ്ണൂർ ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിലെ കുട്ടികൾ തയ്യാറാക്കിയ കലിക എന്ന ഡിജിറ്റൽ മാഗസിൻ ഈ സ്കൂളിന്റെ ചരിത്രത്തെ മാറ്റുരയ്ക്കുന്നു.ചുരുങ്ങിയ സമയം കൊണ്ട് മാഗസിൻ നിർ മാണരംഗത്തേക്ക് കാലെടുത്തു വെച്ച ഈ പിഞ്ചു കുഞ്ഞുങ്ങൾക്ക് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹത്തോടെ,

സിന്ധു.കെ.എൻ

ഹെഡ്മിസ്ട്രസ്

ഇരിങ്ങണ്ണൂർ ഹയർസെക്കന്ററി സ്കൂൾ

ഇരിങ്ങണ്ണൂർ ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കിയ "കലിക"എന്ന മാഗസിൻ ചുരുങ്ങിയ സമയത്തിനുള്ളിൽ ഏറെ മികവുറ്റതാക്കാൻ അവർക്ക് സാധിച്ചിട്ടുണ്ട്.ഏറെ പുതുമയും ആകർഷകവും വിജ്ഞാനപ്രദവുമായ ഈ സംരഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ബീന ടീച്ചർ

ഇരിങ്ങണ്ണൂർ ഹയർസെക്കൻഡറി സ്കൂൾ






Refuse -
Re use -
PLASTICS

# ഒരു ഖനിയുടെ കഥ

കുറേ കാലം മുമ്പ് ഹൈദരാബാദിൽ അൽഹമിദ് എന്നൊരു കൃഷിക്കാരനുണ്ടായിരുന്നു. വളരെ വിശാലമാണ് അയാളുടെ കൃഷിസ്ഥലം.എങ്കിലും തടി അനങ്ങി അധ്യാനിക്കാനൊന്നും ഹമിദിന് താൽപര്യമുണ്ടായിരുന്നില്ല.വലിയ കോടീശ്വരനാകണം അതായിരുന്നു അയാളുടെ മോഹം!എളുപ്പത്തിൽ ധനികനവാൻ ഒരു മാർഗവും അയാൾ കണ്ടുപിടിച്ചു. ഒരു രത്നവ്യാപാരി ആയി മാറുകതന്നെ. പിന്നെ താമസിച്ചില്ല. ആ കൃഷിസ്ഥലം മുഴുവൻ വിറ്റ് കാശാക്കി എന്നിട്ട് പണം ഉപയോഗിച്ച രത്നങ്ങൾ തേടി പല നാട്ടുകളിൽ ചുറ്റികറങ്ങാൻ തുടങ്ങി. പക്ഷേ അയാളുടെ കച്ചവടമെല്ലാം പൊളിയുകയാണുണ്ടായത്.കൈയിലെ കാശെല്ലാം തീരുകയും ചെയ്തു. ഒടുവിൽ നിരാശ അടക്കാനാവാതെ ഹമീദ് അങ്ങു ദൂരെ സ്പെയിനിൽ വച്ച കടലിൽ ചാടി ജീവനൊടുക്കി.ഹമീദിന്റെ കൃഷിസ്ഥലം മറ്റൊരു കൃഷിക്കാരനായിരുന്നു വാങ്ങിയിരുന്നത്.കുറച്ചുകാലം കഴിഞ്ഞ് ഒരു ദിവസം അയാൾ കൃഷിസ്ഥലത്തെ കൊച്ചുതോട്ടിൽ കന്നുകാലികളെ വെള്ളം കുടിപ്പിക്കുകയായിരുന്നു. അപ്പോഴതാ വെള്ളത്തിൽ എന്തോ കിടന്നു തിളങ്ങുന്നു വിലമതിക്കാനാവാത്ത ഒരു രത്നമായിരുന്നു അത്. അത്ഭുതത്തോടെ ആ സ്ഥലം മുഴുവൻ അയൾ കിളച്ചുമറിച്ചു അനേകം വൈരകല്ലുകൾ കണ്ടെടുക്കുകയും ചെയ്തു പിൽകാലത്ത് 'ഗോൽ ക്കൊണ്ട'എന്ന പേരിൽ പ്രസിദ്ധമായ രത്നഖനിയായിരുന്നു അത്. വിശ്വപ്രസിദ്ധിനേടിയ 'കോഹിനൂർ'എന്ന രത്നം കണ്ടെടുത്തതും അവിടെ നിന്നായിരുനേന്നു.പാവം അൽഹമീദ് രത്നങ്ങൾ തേടി ലോകം മുഴുവൻ

അലയാതെ സ്വന്തം കൃഷിസ്ഥലം ഒന്ന കിളച്ചുനോക്കാൻ

ക്ഷമകാട്ടിയിരുന്നെങ്കിൽ!!!

ANIRUDH NANDAKUMAR



# <u>ദലമർമ്മരം</u>

"വിധിയുടെ ക്രൂരതയാൽ

വിദ്യാഭ്യാസം

നിഷേധിക്കപ്പെട്ട കുരുന്നുകൾക്ക്"

<u>മുഖമൊഴി</u>

പ്രിയമുള്ളവരെ

ശുദ്ധിയും അശുദ്ധിയും

വർണവും അവർണവും

അയിത്തവും അകൽച്ചയും

സ്ത്രീപുരുഷ ഭേദസങ്കൽപ്പങ്ങളും

കെട്ടകാലത്തിന്റെ

അവകാശ സ്ഥാപത്തിന്

മത്സരിക്കുമ്പോൾ

പാവം മാനവഹൃദയം....

പുതിയകാലത്തിന്റെ

ഉണർത്തുപാട്ടിന് കാതോർക്കുന്നു

പൊരുതി നോടാനുള്ള

നല്ല ലോകത്തിനായി

കാത്തിരിക്കുന്നു......



ഫാത്തിമ




Craftastic
CHRISTMAS CRAFT SHOW



# മഴ പ്രളയം ഞങ്ങൾ

2018 പലതും പലരീതിയിൽ ഓർത്തെടുക്കുമ്പോൾ മലയാളികൾക്ക് അത് ചില നീറുന്ന നനഞ്ഞൊട്ടിയ പ്രളയ കാഴ്ചകളാണ്.മഴയുടെ പ്രണയാർദ്രമായ വശ്യസൗന്ദര്യം പലതും മറന്നുപോയി.കലിതുള്ളിയെത്തിയ പേമാരി ചരിത്രത്തിലെ നൊമ്പര ചാലുകളായി മാറി.അവൾ നിഷ്കരുണം കവർന്നെടുത്ത് പത്തിനായിരങ്ങളുടെ സ്വപ്നങ്ങളായിരുന്നു.മഴയുടെ വശ്യത ഒരു പക്ഷെ നമ്മുടെ രാജ്യം തന്നെ ഇത്തരത്തിൽ മുൻമ്പ് കണ്ടിട്ടുണ്ടോ എന്നത് സംശയമാവും.ഉത്തരേന്ത്യൻ കഥകളിലും സിനിമകളിലും പരിചയപ്പെട്ട അഭയാർഥികളായി മാറുകയായിരുന്നു മലയാളികൾ. കിടന്നുറങ്ങിയ കട്ടിലും,വീടും,ഉണ്ടെന്നു അവകാശപ്പെട്ട ഭൂമിയും ഒന്നും ഒന്നിനും ഉപകാരപ്പെടാത്തരീതിയിൽ മഴ വിഴുങ്ങിയിരിക്കുന്നു.

ഒലിച്ചുപോന്ന സ്വപ്നങ്ങളെ നോക്കി നിറകണ്ണുകളോടെ നെടുവിർപ്പിടാൻ നമ്മൾ തയ്യാറായിരുല്ല.പോരാട്ടമായിരുന്നു ജീവിക്കാനും ജീവിപ്പിക്കാനും 'എന്റേത്' എന്ന വികാരത്തിൽ നിന്നും 'നമ്മുടേത്' എന്ന വികാരത്തിലേക്ക് നമ്മൾ പെട്ടെന്ന് വളർന്നു.



# പുണ്യപ്പുഴ

കളകള നാദമായി പൊട്ടിച്ചിരിച്ചുകൊണ്ട്
ഒഴുകിയെത്തുന്ന പുണ്യപ്പുഴ
കാറ്റിന്റെ ശക്തിയാൽ ഓടിമറയുന്ന
വെള്ളിനൂൽ പോലുള്ള കണ്ണീർപ്പുഴ
ഇളംങ്കാറ്റിൽ നൃത്തം ചവിട്ടി തെന്നിനീങ്ങുന്ന സ്നേഹപ്പുഴ
കുഞ്ഞിളങ്കാറ്റിന്റെ തെന്നൽ പോലെ
ചഞ്ചലത്തോടെ നീങ്ങുംപുഴ
കാടിന്റെ മർമ്മമായി ഓടിമറയുന്ന
തെളിനീരാലുള്ള സ്നേഹപ്പുഴ

അയന.കെ.കെ



# അഭിലാഷങ്ങൾ

അവൾ തിരസ്കരിക്കപ്പെടുന്ന മക്കളാൽ
എല്ലറ്റിനെയും ഉൾകൊള്ളാൻ
ഹൃദയവായ്പ്പുണ്ട് അവൾക്ക്
എന്നിട്ടുമെന്തേ നീ
ആധിയാണവൾക്ക്
മക്കളെയോർത്ത്,കാത്തിരിപ്പാണവൾ
വഴിക്കണ്ണുമായി നൂറായിരം വ്യഥകളൊഴുക്കി
നല്ല നാളെക്കായി
ഞാൻ തന്നു കഴിഞ്ഞു ജീവന്റെ ഉൾത്തുടിപ്പുകൾ
പ്രാണന്റെ അഭിലാഷങ്ങൾ
ഓർക്കുക നിങ്ങളിവിടെ
വന്നത് വെറും കൈയോടെ
വിട്ടേക്കുക നീ സ്നേഹത്തോടെ
ഉൾത്തുടിപ്പുകൾ

അവന്തിക.ബി.ആർ





# സ്കൂൾ ഉപജില്ല കലോത്സവം





# എന്റെ വിദ്യാലയം

എന്റെ ജീവിതത്തിൽ വാഴിത്താരയിൽ
എന്നും നിറയുന്നതെൻ വിദ്യാലയം
എൻ ജീവിതം പാതിയും തീർത്തതി-
കലാലയത്തിൽ അങ്കണവഴികളിൽ
എന്നും ഉണർന്നു ഞാൻ പോകാൻ
കൊതിക്കുന്ന സ്വർഗമാണെനിക്കെൻ വിദ്യാലയം
അക്ഷരത്തിൻ  മഹത്വവും ലോകവിവരവും
അറിഞ്ഞതും ഈ വർണശാലയിലായിരുന്നു.
സ്നേഹത്തിൻ മധുരവും ഗുരുഭക്തിയും
അത്രമേൽ നിർമ്മലം ഈ വിദ്യാമുറികളിൽ
പ്രണയവും വിരഹവും വേർപാടും സ്നേഹവും
അറിയിച്ചതും ഈ കലാലയം തന്നെയായിരുന്നു
ഈ നല്ല ജീവിതം എനിക്കായ് തന്നതും
ആ വിദ്യാലയത്തിൻ അനുഗ്രഹമാകവെ
ഇന്നും സ്മരണയിൽ മായാതെ നിൽക്കുമീ
ആ കലാലയത്തിൻ നുറുനുറോർമ്മകൾ



# പ്രകൃതി ഭംഗി

നിൻ പച്ചപ്പും ഹരിതപ്പാവുമിത എൻ
മിഴികഴിൽ നിറഞ്ഞിരിക്കവേ
മേഘലകുളിർത്തുള്ളികൾ യെന്നെ
ഇരുട്ടുന്നു നിൻ വെളിച്ചം എന്നിലേക്കും പകരവേ
നന്മകളിലേക്കും വെളിച്ചം പരത്തുന്ന എൻ പ്രപഞ്ചമേ....
സകലചരാചരങ്ങൾക്കും അഴകേറിയ
പുഷ്പഭംഗി ഇതാ എൻ മിഴികളിൽ നിറഞ്ഞിരിക്കവേ
നദികളും പുഴകളും മലകളുമിതാ
എൻ പ്രപഞ്ചത്തിനും ഭംഗി ഏറുന്നു
ഭംഗി ഏറിയ പ്രപഞ്ചമേ....
എന്നുമെന്നും നിന്നെകാണാൻ ഞാൻ
ഇതാ നിൻ കാത്തു നിൽക്ക
എൻ പ്രപഞ്ചഭംഗിക്കു നിൻ
മൻമ്പിൽ മാറ്റമുണ്ട്

POOJA PRADEEP



# ഡപ്രകൃതി മനുഷ്യനോട്

മനുഷ്യ നിന്റെ ദുർവിചാരങ്ങളുടെയും
ദുർചിന്തയുടെയും ഫലം നിനക്കനുകൂലമല്ലല്ലൊ
നമ്മുടെ ചെറു താണ്ഡം പോലും
നിനക്കസഹനീയ മാണല്ലൊ
ഒരു പ്രളയത്തിനൊടുവിൽ നീ നിന്റെ
മതത്തെയും ജാതിയെയും  മറന്നു
ഇങ്ങനെ ആണെങ്കിലും നീ നിന്റെ
ഐക്യം എൻ മുന്നിൽ കാണിച്ചു
ഒരു കുടക്കീഴിൽ നീ ജാതിമതഭേതമന്യേ-
കഴിഞ്ഞപ്പോൾ ഞാൻ കൃതാർതനായി.
ഹിന്ദുവെന്നൊ, ക്രസ്ത്യനെന്നൊ മുസൽ-
മാനെന്നൊ ഇല്ലാതെ എല്ലാരും ഒന്നിച്ചു
നീ നാം തരുന്ന സ്നേഹത്തേക്കാളും
നമ്മുടെ ക്രോധത്തിനാണൊ മൂല്യംനൽകുന്നത്
നീ നമ്മെ ഓരൊ പ്രാവിശ്യം നശിപ്പിക്കാൻ
ശ്രമിക്കുമ്പോഴും നീ ഓർക്കുക
നീ നിന്റെ അവസാനത്തിലേക്ക് വഴി-
യൊരുക്കുകയാണെന്ന് മറക്കരുത്
നിന്റെ അതിരു കടന്ന പ്രവൃത്തിയിൽ
നാം മനസ്സിന്റെ നിരാശ അറിയിക്കുന്നു.
പിന്നീട് നമ്മെ പഴിച്ചാരാൻ സാധിക്കില്ല
നീ തന്നെ വരുത്തിയ വിനയാണ് പുത്രാ
എന്നിരുന്നാലും പുത്രാ നാം മാതാവല്ലെ
നമ്മുടെ നിസ്സഹായവസ്ഥ നീ അറിയുന്നില്ലെ.



GOPIKA B  KRISHNA





## കൈറ്റ്സ് എകദിന ക്യാമ്പ്




ജ്യോതിർഗമയ

# പ്രിയപ്പെട്ട മാൽഗോവാ...........

പ്രിയപ്പെട്ട മാൽഗോവാ...
ഞങ്ങൾക്കു മീതേ നീ...
നിഴൽച്ചിറകുകൾ വിരിച്ച്
നിന്റെ കുളിരുമലിവും പകർന്ന്
ഞങ്ങടെ സ്നേഹ നിശ്വസങ്ങൾ
നീ യേറ്റുവാങ്ങി.
ഇന്നീ സങ്കടച്ചിന്തിൻ താളമായി
നിന്റെ ദലമർമ്മരങ്ങൾ
മന്ത്രിച്ചതെന്ത്.?
ജന്മ ജന്മാന്തര ബദ്ധത്തിൻ കഥയോ
മീരയുടെ സാത്വിക സ്നേഹമോ?
അതോ
വൃന്ദാവനത്തിലെ രാധാകൃഷ്ണ ചരിതമോ
പ്രിയപ്പെട്ട മാൽ ഗോവ..
നിന്റെ കരങ്ങൾ
ഒരു വേള
ഞങ്ങളിലേക്ക് നീണ്ട തെന്തിന്?
കലിയുഗത്തിൻ-
വറ്റാത്ത തപ്താ ശ്രുമായ്ച്ചിടാനോ
അതോ
പിടയ്ക്കും മനസ്സിന്റെ
സന്ത്വനത്തിനോ
പ്രിയപ്പെട്ട മാൽ ഗോവ..

ഒറ്റപ്പെട്ട നിമിഷത്തൻ

സാക്ഷിയായി

യാത്രാമൊഴി നൽകേ

നീ പറഞ്ഞിത്

പാപത്തിൻ കറ പുരളാത്ത പാവന സ്നേഹമേ നിനക്കു നന്ദി..



സുമംഗല ടീച്ചർ

ഇരിങ്ങണ്ണൂർ ഹയർസെക്കൻഡറി സ്കൂൾ


ഞങ്ങളുടെ അഭിമാനതാരങ്ങളായ സംസ്ഥാനതല വിജയികൾ !!
Rashvind P.T
സഫഫാത്തിമ
അമയഷാജ്
ആദിത്യൻ
ചമ്പുപ്രഭാഷണം,


Periodic Table of the Elements
ഇരിങ്ങണ്ണൂർ ഹയർ


Samsung Triple Camera



# നന്ദി

ഈ മാഗസിൻ പ്രസ്ദ്ധികരിക്കാൻ സഹായിച്ച എല്ലാ അധ്യാപകർക്കും കൂട്ടുകാർക്കും നന്ദി അറിയിക്കുന്നു..